# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3812– 25/06/2013 –ലെ മറുപടിക്ക്
## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ . അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത എത്ര വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | 16.05.2011 മുതൽ 31.03.2013 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 169 യൂണിറ്റുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | കഴിഞ്ഞ സാമ്പത്തിക വർഷം (2012–13) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 3947.24 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | വ്യവസായ വായ്പാ പദ്ധതി നവീകരിക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും കെ.എഫ്.സി.എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | വ്യവസായ പദ്ധതി നവീകരിക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനുമായി കെ.എഫ്.സിയുടെ നിലവിലുള്ള ലോൺ പോളിസിയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>1) 2013–14 ലോൺ പോളിസിയിൽ പട്ടികജാതി – പട്ടികവർഗ്ഗ സംരംഭകർ, വനിതാ സംരംഭകർ ആരംഭിക്കുന്ന ഉൽപ്പാദന സ്ഥാപനങ്ങൾ, എം.എസ്.എം.ഇ. മേഖലയിൽ പുതുതായി ആരംഭിക്കുന്ന ഉൽപ്പാദന സ്ഥാപനങ്ങൾ, നിലവിലുള്ള സ്ഥാപനങ്ങളുടെ വികസനം, റിന്യൂവബിൾ എനർജി, സൗരോർജ്ജം, വിന്റ് എനർജി എന്നിവകൾക്ക് പ്രത്യേക ഊന്നൽ നൽകുകയും ഇത്തരം വ്യവസായങ്ങൾക്ക് പലിശയിൽ 1% ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്കുള്ള പലിശ റിബേറ്റ് 1% ൽ നിന്നും 2% ആക്കി ഉയർത്തിയിട്ടുമുണ്ട്. |

| | | |
|---|---|---|
| | | 2) നിലവിൽ ഉണ്ടായിരുന്ന എക്സ്റ്റേണൽ വാല്യൂയേഷൻ ആവശ്യമുള്ള ഘട്ടങ്ങളിൽ മാത്രം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട് .<br>3) കോർപ്പറേഷൻ ശാസ്ത്രീയമായി ഒരു ക്രെഡിറ്റ് റേറ്റിംഗ് സിസ്റ്റം ആവിഷ്ക്കരിക്കുകയും, 5 കോടി രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വേണ്ടിയിരുന്ന പുറമേയുള്ള സ്ഥാപനത്തിന്റെ റേറ്റിംഗ് ആവശ്യമെങ്കിൽ മാത്രം മതിയെന്നും നിശ്ചയിച്ചിട്ടുണ്ട്.<br>4) സിബിൽ റേറ്റിംഗ് മാനദണ്ഡം കുറച്ചു കൂടി ഉദാരമാക്കി.<br>5) റിയൽ എസ്റ്റേറ്റ് സെക്ടർ ഒഴിച്ചുള്ള വായ്പകൾക്കുള്ള പ്രോസ്സസിങ്ങ് ഫീസ് 0.75% ൽ നിന്നും 0.5% ആയി കുറച്ചു.<br>6) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവയുടെ നവീകരണത്തിനായി ആവശ്യമുള്ള തുകയുടെ 90% വരെ വായ്പ നൽകുന്നതിനു വേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>7) ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മീഡിയം ആന്റ് സ്മാൾ എന്റർപ്രൈസസ് പ്രകാരം നൽകുന്ന വായ്പകൾ കിൻഫ്രാ പാർക്ക്, ടെക്നോ പാർക്ക്, ഐ.റ്റി പാർക്ക്, ഗവൺമെന്റ് അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ തുടങ്ങിയവയിൽ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കും ബാധകമാക്കി.<br>8) കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന നിലവിലുള്ള സിവിൽ കോൺട്രാക്റ്റേഴ്സ്,വായ്പയ്ക്കായി നൽകേണ്ടിയിരുന്ന ജാമ്യ വ്യവസ്ഥയിൽ ഇളവു വരുത്തുക, മുൻ പരിചയമില്ലാത്ത ടി.വി/സിനിമ നിർമ്മാതാക്കൾക്കും കൂടി വായ്പ ലഭ്യമാക്കുക തുടങ്ങിയ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. |

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ